# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.617 — 04/02/2020-ൽ മറുപടിക്ക്

## ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം

| | ചോദ്യം<br><br>**ശ്രീ.ടി. വി. ഇബ്രാഹിം** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കാൻ അതത് വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമുണ്ടോ; ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ; | (എ) | ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 164 പ്രകാരവും ഇൻഡ്യൻ ടെലഗ്രാഫ് ആക്ട് 1885 ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും വിതരണ ലൈസെൻസി എന്ന നിലയിൽ KSEBL നു ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുവാൻ മറ്റു വകുപ്പുകളുടെ മുൻകൂർ അനുമതി ആവശ്യമില്ല. പുതുതായി ലൈൻ വലിച്ച് പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ സ്ഥല പരിശോധന നടത്തി സാങ്കേതികമായി അനുയോജ്യമായ സ്ഥലങ്ങളിൽ, യാത്രക്കാർക്കോ പരിസരവാസികൾക്കോ അസൗകര്യം ഇല്ലാത്തവിധത്തിൽ നിലവിലുള്ള റോഡിന്റെ ടാർ ചെയ്ത ഭാഗം പരമാവധി ഒഴിവാക്കി പുറം അതിരിനോട് ചേർന്നു മാത്രമാണ് സ്ഥാപിച്ചു വരുന്നത് |
| (ബി) | നിലവിൽ പൊതുമരാമത്ത് റോഡിലോ ഗ്രാമീണ റോഡിലോ ഉള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ; | (ബി) | നിലവിൽ പൊതുമരാമത്ത്/ഗ്രാമീണ റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്ഥലപരിശോധന നടത്തി, മറ്റ് തടസ്സങ്ങളില്ലെങ്കിൽ, (ഏതെങ്കിലും അനുമതികൂടി ആവശ്യമുണ്ടെങ്കിൽ ആയത് ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച്) പ്രസ്തുത ജോലിക്കുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ (KSERC) പുറപ്പെടുവിച്ചിട്ടുള്ള നിരക്കുകൾക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രസ്തുത വകുപ്പിന് ഡിമാന്റ് നോട്ടീസ് നൽകുന്നതും ടി എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനക്രമം അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതുമാണ്. |
| (സി) | വ്യക്തികളോ സ്ഥാപനങ്ങളോ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കാൻ അപേക്ഷിച്ചാൽ സാധാരണ പോസ്റ്റ് മാറ്റുന്നതിനും എ പോൾ പോസ്റ്റ് | (സി) | ഇലക്ട്രിക്പോസ്റ്റ് മാറ്റി സ്ഥാപിക്കുവാൻ അപേക്ഷിച്ചാൽ വേണ്ടി വരുന്ന പ്രവൃത്തിയുടെ നിരക്കുകൾ വിവിധ കാര്യങ്ങളെ ആശ്രയിച്ചാണ് നിശ്ചയിക്കുന്നത്. പ്രധാന |

| | | | |
|---|---|---|---|
| | മാറ്റുന്നതിനുമുള്ള നിരക്കുകൾ അറിയിക്കാമോ; | | മായും, ആവശ്യമായി വരുന്ന പോസ്റ്റിന്റെ (PSC/A pole)ഉയരത്തിനനുസരിച്ചും, അധിക സാധനസാമഗ്രികളുടെയും, പ്രവൃത്തികളുടെ പണിക്കൂലിയുടെയും അടിസ്ഥാനത്തിലും ഭൂപ്രദേശത്തിന്റെ സ്വഭാവത്തിനനുസരിച്ചുമാണ് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. |
| (ഡി) | റോഡിലെ ലൈൻ മാറ്റി സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റിനുള്ള നിരക്കിനെ കൂടാതെ ചുമത്തുന്ന നിരക്കുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (ഡി) | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റിന്റെ നിരക്ക് കൂടാതെ മാറ്റി സ്ഥാപിക്കേണ്ടുന്ന മറ്റു സാധന സാമഗ്രികളുടെ റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നിരക്കും അവയുടെ 16% സെന്റേജ് ചാർജ്ജും മാറ്റി സ്ഥാപിക്കുവാൻ അംഗീകരിച്ചിട്ടുള്ള പണിക്കൂലിയും transportation ചാർജ്ജും ആയതിന്റെ 10% മേൽനോട്ടക്കൂലിയും കൂടാതെ സാധനസാമഗ്രികളുടെ വിലയും പണിക്കൂലിയും ചേർന്ന തുകയുടെ 18% GSTയും 1% flood cess-ും ഈടാക്കുന്നതാണ്. ഇതു കൂടാതെ നിയമപരമായ മറ്റു അധികാരികൾ (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, BSNL, വാട്ടർ അതോറിറ്റി തുടങ്ങിയവ) ആവശ്യപ്പെടുന്ന തുകകൾ അടയ്ക്കേണ്ടുന്നതുമാണ്. |
| (ഇ) | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള അപേക്ഷ നൽകുകയും ആവശ്യമായ സംഖ്യ അടയ്ക്കുകയും ചെയ്താൽ പണി പൂർത്തീകരിക്കുന്നതിന് സമയപരിധിയുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഇ) | റോഡുകളിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുവാൻ അപേക്ഷ നൽകി ആവശ്യമായ തുക അടച്ചതിനു ശേഷം ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തി താമസം വിനാ പൂർത്തീകരിക്കുന്നതുമാണ്.<br>എന്നാൽ ഉപഭോക്താവിന്റെ പ്രിമൈസസിലുള്ള സർവ്വീസ് ലൈനുകൾ മാറ്റി സ്ഥാപിക്കാൻ, കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള സപ്ലൈ കോഡ് 2014 ലെ റെഗുലേഷൻ 94 പ്രകാരം, ആവശ്യമായ തുക KSEBL ൽ ഒടുക്കിയ ദിവസം മുതൽ 30 ദിവസത്തിനുള്ളിൽ എൽ. ടി ലൈനുകളും പോസ്റ്റുകളും 45 ദിവസത്തിനുള്ളിൽ എച്ച്.ടി ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ